©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2026 ഫെബ്രുവരി 17
17th February 2026
1201 കുംഭം 5
5th Kumbham 1201
1947 മാഘം 28
28th Magha 1947

നമ്പർ
No. 651

വർക്കല നഗരസഭ

വിജ്ഞാപനം

പി.ഡബ്ലു2-5191/2020 ***10 ഫെബ്രുവരി 2026***

2016-ലെ കേരള നഗര – ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 36-ാം വകുപ്പലെ 4-ാം ഉപവകുപ്പ് പ്രകാരം വർക്കല നഗരസഭയുടെ കരട് മാസ്റ്റർ സ്വീകരിക്കുന്നതിനുള്ള കരട് മാസ്റ്റർ പ്ലാൻ ഫോറം IV ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

(ഒപ്പ്)
സെക്രട്ടറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം-IV

[ചട്ടം 19(2) കാണുക]

വർക്കല മുനിസിപ്പൽ കൗൺസിൽ

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 36-ാം വകുപ്പിലെ 4-ാം ഉപവകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്

താഴെ പറയുന്ന അതിരുകളോടു കൂടിയ തദ്ദേശ ആസൂത്രണ പ്രദേശത്തിന്റെ/ തദ്ദേശ ആസൂത്രണ പ്രദേശത്തിന്റെ ഭാഗത്തിന്റെ കരട് മാസ്റ്റർ പ്ലാൻ വർക്കല മുനിസിപ്പൽ കൗൺസിൽ സ്വീകരിച്ചത്, തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ **www.lsgkerala.gov.in**,വർക്കല മുനിസിപ്പാലിറ്റിയുടെ വെബ്സൈറ്റായ **www.varkalamunicipality.lsgkerala.gov.in** - എന്നിവയിൽ **2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ (2016-ലെ 9) 36-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം** പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് : ഇടവ ഗ്രാമപഞ്ചായത്ത്, ഇലകമൺ ഗ്രാമപഞ്ചായത്ത്

കിഴക്ക് : ഇലകമൺ ഗ്രാമപഞ്ചായത്ത്, ചെമ്മരുതി ഗ്രാമപഞ്ചായത്ത്, ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

തെക്ക് : ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്, വെട്ടൂർ ഗ്രാമപഞ്ചായത്ത്

പടിഞ്ഞാറ് : അറബിക്കടൽ (ലക്ഷദ്വീപ് കടൽ)

കരട് മാസ്റ്റർ പ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദനഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ.

(എ)) അംഗീകരിച്ച വിശദനഗരാസൂത്രണ പദ്ധതികൾ

1. വർക്കല സെൻട്രൽ ഏരിയ വിശദ നഗരാസൂത്രണ പദ്ധതി

(ബി) പ്രസിദ്ധീകരിച്ച വിശദനഗരാസൂത്രണ പദ്ധതികൾ

1. വർക്കല പാപനാശം വിശദ നഗരാസൂത്രണ പദ്ധതി

(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദനഗരാസൂത്രണ പദ്ധതികൾ, കാരണ സഹിതം വിശദീകരിക്കുക

1. വർക്കല സെൻട്രൽ ഏരിയ വിശദ നഗരാസൂത്രണ പദ്ധതി : പ്രധാന വികസന നിർദ്ദേശങ്ങൾ മാസ്റ്റർപ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാലും മറ്റ് നിർദ്ദേശങ്ങൾ നിലവിൽ പ്രായോഗികമല്ലാത്തതിനാലും പ്രസ്തുത വിശദ നഗരാസൂത്രണ പദ്ധതി റദ്ദാവുന്നതാണ്.

(ഡി) നിലനിർത്തുന്ന വിശദനഗരാസൂത്രണ പദ്ധതികൾ: ഇല്ല

1. വർക്കല പാപനാശം വിശദ നഗരാസൂത്രണ പദ്ധതി: മാസ്റ്റർ പ്ലാനിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആയതിന്റെ വ്യവസ്ഥകൾക്ക് വിശദ നഗരാസൂത്രണ പദ്ധതിയുടെ വ്യവസ്ഥകളെക്കാൾ പ്രാമുഖ്യം ഉണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കരട് മാസ്റ്റർ പ്ലാനിന്റെ പകർപ്പ് പ്രവൃത്തി സമയത്ത് പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി വർക്കല മുനിസിപ്പൽ കൗൺസിലിന്റെ ഓഫീസിലും ലഭ്യമാണ്.

പ്ലാനിൽ താത്പര്യമുള്ള ഏതൊരാൾക്കും ഇതു സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തീയതി മുതൽ അറുപത് ദിവസത്തിനകം വർക്കല മുനിസിപ്പൽ കൗൺസിൽ സെക്രട്ടറിക്ക് രേഖാ മൂലം എഴുതി നൽകാവുന്നതാണ്.

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 61-ാം വകുപ്പ് പ്രകാരം ബാധകമായ നിയന്ത്രണങ്ങൾക്കനുസൃതമല്ലാതെ യാതൊരാളും ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(ഒപ്പ്)
സെക്രട്ടറി

(ഒപ്പ്)
ചെയർപേഴ്സൺ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.17 06:30:55 +05:30